**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ** **13/7/2011 ൽ മറുപടിയ്ക്ക്**

**ചോദ്യം നമ്പർ: 1760**

## വൈറ്റില മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്. ശർമ്മ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>( വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| (എ) കൊച്ചിനഗരത്തിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് ഉദ്ദേശിക്കുന്ന വൈറ്റില മൊബിലിറ്റി ഹബ്ബിന്റെ സമ്പൂർണ്ണ നിർമ്മാണം പൂർത്തിയാക്കി എന്ന് കമ്മീഷൻ ചെയ്യുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ; | (എ) വൈറ്റില മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണം 3 വർഷം കൊണ്ട് പൂർത്തിയാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. |
| (ബി) ഇതിന്റെ ഗവേണിംഗ് ബോഡിയും, എക്സിക്യൂട്ടീവ് കമ്മിറ്റിയും ചേർന്ന് പ്രവർത്തനം വിലയ്.രുത്തിയിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) വൈറ്റില മൊബിലിറ്റി ഹബ്ബിന്റെ രണ്ടാംഘട്ട വികസനത്തിന് ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് ഫണ്ട് സ്വരൂപിക്കുന്നതിന് മന്ത്രിസഭ കൈക്കൊണ്ട തീരുമാനത്തെ അടിസ്ഥാനമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ? | (സി) വൈറ്റില മൊബിലിറ്റി ഹബ്ബിന്റെ 2-ാം ഘട്ടത്തിന്റെ നിർമ്മാണത്തിന് വേണ്ടി ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് ഫണ്ട് സ്വരൂപിക്കുന്നതിനായി സ.ഉ (എം.എസ്) നം. 114/11/തസ്വഭവ 22/6/2011 തീയതി പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ് – വൈറ്റില മൊബിലിറ്റി ഹബ് സൊസൈറ്റി–വൈറ്റില ബസ് ടെർമിനലിന്റെ രണ്ടാം ഘട്ട നിർമ്മാണം ആരംഭിക്കുന്നതിനും, വൈറ്റില മൊബിലിറ്റി ഹബ് സൊസൈറ്റിയുടെ ഭൂമി ഈട് നൽകി ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നും വായ്പ എടുക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ (എം.എസ്)നം:114/2011/തസ്വഭവ　　　　തിരുവനന്തപുരം, തീയതി : 22/6/2011

---

പരാമർശം:- 1. സ.ഉ (എം.എസ്) നം. 19/2010/തസ്വഭവ തീയതി, 25/1/2010
2. വൈറ്റില മൊബിലിറ്റി ഹബ് സൊസൈറ്റി മാനേജിംഗ് ഡയറക്ടറുടെ 28/2/2011-ലെ കത്ത്.

**ഉത്തരവ്**

വൈറ്റിലയിലെ ബസ് ടെർമിനൽ പ്രോജക്ട് നടപ്പിലാക്കുന്നതിനുവേണ്ടി ട്രാവൻകൂർ കൊച്ചിൻ ലിറ്റററി സൈന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് പ്രകാരം ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്യുന്നതിന് പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം സർക്കാർ അനുവാദം നൽകുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ബഹു.മുഖ്യമന്ത്രി ചെയർമാനും, എറണാകുളം ജില്ലാ കളക്ടർ മാനേജിംഗ് ഡയറക്ടറുമായി വൈറ്റില മൊബിലിറ്റി ഹബ് എന്ന സൊസൈറ്റി രജിസ്റ്റർ ചെയ്തു. കൂടാതെ സൊസൈറ്റിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും, എറണാകുളം ജില്ലാകളക്ടർ മെമ്പർ സെക്രട്ടറിയുമായി ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിക്കുകയുണ്ടായി.

2. വൈറ്റില മൊബിലിറ്റി ഹബ് സൊസൈറ്റി മാനേജിംഗ് ഡയറക്ടർ പരാമർശം രണ്ടുപ്രകാരമുള്ള കത്തിൽ വൈറ്റില ബസ് ടെർമിനൽ പ്രോജക്ടിന്റെ ഒന്നാംഘട്ട നിർമ്മാണം റിക്കാർഡ് സമയത്തിനുള്ളിൽ പൂർത്തിയായ സാഹചര്യത്തിൽ, രണ്ടാം ഘട്ട നിർമ്മാണം അടിയന്തിരമായി ആരംഭിക്കേണ്ടതുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ബസ് ടെർമിനൽ പ്രോജക്ടിന്റെ രണ്ടാം ഘട്ട നിർമ്മാണം ആരംഭിക്കാൻ കാലതാമസം നേരിട്ടാൽ പ്രസ്തുത പ്രോജക്ട് സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാതെ വരുകയും ഇക്കാരണത്താൽ നിർമ്മാണ ചെലവ് ക്രമാതീതമായി വർദ്ധിക്കാൻ ഇടവരുകയും ചെയ്യും. മൊത്തം എസ്റ്റിമേറ്റിന്റെ 70% തുക വായ്പയായി നൽകാൻ ബാങ്കുകളുടെ കൺസോർഷ്യം സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. വായ്പക്കു പകരമായി സൊസൈറ്റിയുടെ 25.19 ഏക്കർ ഭൂമി ഈടു വയ്ക്കുന്നതുകൊണ്ട് ഇക്കാര്യത്തിൽ സർക്കാർ ഗ്യാരന്റി നൽകേണ്ട സാഹചര്യം നിലവിലില്ല എന്നും സൊസൈറ്റി മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ വൈറ്റില ബസ് ടെർമിനൽ പ്രോജക്ടിന്റെ 375 കോടി രൂപ മൊത്തം എസ്റ്റിമേറ്റുള്ള രണ്ടാംഘട്ട നിർമ്മാണം അടിയന്തിരമായി ആരംഭിക്കുന്നതിനും ആയതിലേയ്ക്കായി

സൊസൈറ്റിയുടെ 25.19 ഏക്കർ ഭൂമി ഈടായി നൽകിയതിനുശേഷം ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നും വായ്പ എടുക്കുന്നതിനും അനുമതി നൽകണമെന്ന് മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ ഏറ്റവും സാധ്യമായ കുറഞ്ഞ പലിശ നിരക്കിലും, മറ്റ് നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി വായ്പ എടുക്കുന്നതിന് ബാങ്കുകളുമായി നെഗോഷിയേറ്റ് ചെയ്യുന്നതിനും, സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി മൊബിലിറ്റി ഹബ്ബിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനത്തിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിനും അനുവാദം നൽകണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്.

3. വൈറ്റില ഹബ് സൊസൈറ്റിയുടെ മാനേജിംഗ് ഡയറക്ടറുടെ അഭ്യർത്ഥന അനുബന്ധ രേഖകളുടെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചു. മൊത്തം 375 കോടി രൂപയുടെ എസ്റ്റിമേറ്റുള്ള വൈറ്റില ബസ് ടെർമിനൽ പ്രോജക്ടിന്റെ രണ്ടാംഘട്ട നിർമ്മാണം അടിയന്തിരമായി ആരംഭിക്കുന്നതിനും, ആയതിലേയ്ക്കായി സൊസൈറ്റിയുടെ 25.19 ഏക്കർ ഭൂമി ഈടായി നൽകി ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നും ആവശ്യമായ തുക വായ്പ എടുക്കുന്നതിനും ഏറ്റവും സാധ്യമായ കുറഞ്ഞ പലിശ നിരക്കിലും മറ്റ് നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി വായ്പ എടുക്കുന്നതിന് ബാങ്കുകളുമായി നെഗോഷിയേറ്റ് ചെയ്യുന്നതിന്, സൊസൈറ്റിയുടെ മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തി, എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി, തുടർ നടപടികൾ സ്വീകരിക്കുന്നതിനും അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
രാജേഷ്കുമാർ സിംഗ്
സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, വൈറ്റില മൊബിലിറ്റി ഹബ് സൊസൈറ്റി, എറണാകുളം.
ജില്ലാകളക്ടർ, എറണാകുളം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), കേരളം, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (vide item no. 6268 dtd. 4/5/2011)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

സെക്ഷൻ ഓഫീസർ